ഉത്തരം

(എ) ഈ വർഷത്തെ കടുത്ത വരൾച്ചയെ അഭിമുഖീകരിക്കുന്നതിനായി ജലസ്രോതസ്സുകളിൽ താൽക്കാലിക തടയണകൾ നിർമ്മിച്ച് ജലലഭ്യത കൂട്ടുന്നതിനും പൈപ്പ് ലൈനുകൾ നീട്ടി സ്ഥാപിക്കുവാൻ സാധിക്കുന്ന സ്ഥലങ്ങളിൽ അത് ചെയ്യുന്നതിനും പമ്പുസെറ്റുകൾ, മോട്ടോറുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ ചെയ്യുവാനും സാദ്ധ്യമായ സ്ഥലങ്ങളിൽ കുഴൽ കിണറുകൾ കുഴിക്കുന്നതിനും ഷിഫ്റ്റ് പമ്പിംഗ് ഏർപ്പെടുത്തി പമ്പിംഗ് സമയം കൂട്ടുന്നതിനും പണികൾ തീരാറായ പദ്ധതികൾ പെട്ടെന്ന് കമ്മീഷൻ ചെയ്യുവാനും നടപടികൾ സ്വീകരിച്ചവരുന്നു.

(ബി) ജലവിഭവ വകുപ്പ് 1500 ലക്ഷം രൂപയുടെയും കേരള വാട്ടർ അതോറിറ്റി 5559.81 ലക്ഷം രൂപയുടെയും ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ലിഫ്റ്റ് ഇറിഗേഷൻ, മൈനർ ഇറിഗേഷൻ പദ്ധതികളുടെ അറ്റകുറ്റപ്പണികൾ

20 [902] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലിഫ്റ്റ് ഇറിഗേഷൻ, മൈനർ ഇറിഗേഷൻ പദ്ധതികൾ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം ഗുരുതരമായ പ്രതിസന്ധിയിൽ ആണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ നിലവിലുള്ള പദ്ധതികളുടെ ജില്ല തിരിച്ചുള്ള എണ്ണം എത്ര യാണെന്നും എറണാകുളം ജില്ലയിൽ വിവിധ നിയോജകമണ്ഡലങ്ങളിലുള്ള പദ്ധതികളുടെ എണ്ണവും പേരും ഓരോ പദ്ധതിയും സ്ഥാപിച്ച വർഷവും, ആയക്കെട്ട്, മോട്ടോറുകളുടെ ശേഷിയും കനാലുകളുടെ ദൈർഘ്യവും സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(സി) പമ്പ് ഓപ്പറേറ്റർമാരായും കനാൽ വാച്ചർമാരായും എത്രപേർ ആകെ ജോലി ചെയ്തുവരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) വൈദ്യുതി ചാർജ് കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ ജില്ലതിരിച്ചുള്ള കണക്ക് അറിയിക്കുമോ;

(ഇ) 2003-04 വർഷത്തിൽ അറ്റകുറ്റപ്പണികൾക്കായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; ഇതിൽ എത്ര രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്;

† അനുബന്ധം VII.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എറണാകുളം ജില്ലയിൽ ഏതെല്ലാം അറ്റകുറ്റ ജോലികളാണ് ഇപ്പോൾ നടന്നുവരുന്നത്; ഓരോന്നിന്റെയും മതിപ്പുചെലവ് എത്രയാണ്; സിവിൽ, ഇലക്ട്രിക്കൽ വിഭാഗങ്ങളിലായി ജില്ലാ ഉദ്യോഗസ്ഥർ നൽകിയ അറ്റകുറ്റ ജോലികളുടെ എത്ര നിർദ്ദേശങ്ങൾ പരിഗണനയിലുണ്ട്; എറണാകുളം ജില്ലയിൽ നിന്നും ലഭിച്ച ഇത്തരം നിർദ്ദേശങ്ങളുടെ വിശദവിവരവും ഇവ നടപ്പാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണവും അറിയിക്കാമോ;

(ജി) അടിയന്തിര പ്രാധാന്യമുള്ള അറ്റകുറ്റപ്പണികൾ ജില്ലാതല ഉദ്യോഗസ്ഥർക്ക് നിർവ്വഹിക്കാൻ അധികാരം നൽകുന്നതടക്കമുള്ള നടപടികളുടെ ലഘൂകരണം വഴി ജല സേചന പ്രവർത്തനം തടസ്സപ്പെടാതിരിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(എച്ച്) നിർമ്മാണം പൂർത്തിയാകാത്ത എത്ര പദ്ധതികളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കുമോ; ഇവ പൂർത്തിയാക്കാൻ സ്വീകരിച്ചുവരുന്ന നടപടികളും ഇതിനകം മുടക്കിയ തുകയുടെ വിശദവിവരവും ലഭ്യമാക്കാമോ;

(ഐ) പുതിയതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും നിർമ്മാണച്ചെലവ് എത്രയെന്നും അറിയിക്കുമോ?

ഉത്തരം

(എ—ഐ) ലിഫ്റ്റ് ഇറിഗേഷൻ, മൈനർ ഇറിഗേഷൻ പദ്ധതികളെയും അവയുടെ അറ്റകുറ്റപ്പണികളെയും സംബന്ധിച്ചുള്ള വിവരങ്ങൾ ജില്ലാതല ഓഫീസുകളിൽനിന്നും ലഭ്യമാണ്.

നബാർഡിന്റെ സഹായത്തോടെയുള്ള തൃശ്ശൂർ ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

21 [903] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സഹായത്തോടെ തൃശ്ശൂർ ജില്ലയിൽ ആരംഭിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തൃശ്ശൂർ ജില്ലയിൽ നിന്ന് നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്;

(സി) ചേർപ്പ് നിയോജകമണ്ഡലത്തിൽ വല്ലച്ചിറ, വെങ്ങിണിശ്ശേരി, നെരുവിശ്ശേരി, കിഴക്കേമന തുടങ്ങിയ പദ്ധതികൾ നബാർഡിൽ ഉൾപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) കൊറ്റംകോട്, ഇല്ലിക്കൽ, ഓടൻചിറ റെഗുലേറ്ററുകൾ പുതുക്കി പണിയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly